കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വരണാധികാരി മുമ്പാകെ സ്ഥാനാർത്ഥികൾ സമർപ്പിക്കുന്ന നാമനിർദ്ദേശപത്രികയും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനുള്ള കാലയളവ് നിശ്ചയിച്ചുകൊണ്ട് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

**നം.B2/103/2025-SEC** തീയതി: **19-07-2025**

## സർക്കുലർ

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ വരണാധികാരി മുമ്പാകെ സ്ഥാനാർത്ഥികൾ സമർപ്പിക്കുന്ന നാമനിർദ്ദേശപത്രികയും, ഫാറം 2A യിലുള്ള വ്യക്തിഗത വിവരങ്ങളും വരണാധികാരിയുടെ പക്കൽ സൂക്ഷിക്കേണ്ട രേഖകളാണ്. ഇവ 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം 55(2)/1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം 55(2) ന് കീഴിൽ ട്രഷറിയിൽ സൂക്ഷിക്കേണ്ട രേഖകളുടെ പരിധിയിൽ വരുന്നതല്ല. ഇത്തരം രേഖകൾ സൂക്ഷിക്കപ്പെടേണ്ട കാലയളവ് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യമാണെന്ന് കമ്മീഷൻ കരുതുന്നു.

1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം 55(2) / 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം 55(2) - പ്രകാരം ട്രഷറിയിൽ സുരക്ഷിത സൂക്ഷിപ്പിൽ വയ്ക്കേണ്ട രേഖകളുടെ പരിധിയിൽ ഉൾപ്പെടാത്ത, വരണാധികാരി മുൻപാകെ സ്ഥാനാത്ഥികൾ സമർപ്പിക്കുന്ന നാമനിർദ്ദേശപത്രികകളും, ഫാറം 2A-ലെ വ്യക്തിഗത വിവരങ്ങളും, അംഗങ്ങളുടെ സത്യപ്രതിജ്ഞ, യോഗം, ഹാജർ, മിനിറ്റ്സ് തുടങ്ങിയ അനുബന്ധ രേഖകളും തിരഞ്ഞെടുപ്പ് തീയതി മുതൽ ആറ് വർഷം വരെ സൂക്ഷിക്കേണ്ടതാണ്.എന്നാൽ,പ്രസ്തുത ആറ് വർഷത്തിനുശേഷം, കോടതി കേസോ, മറ്റ് നിർദ്ദേശങ്ങളോ ഇല്ലെന്ന് ഉറപ്പുവരുത്തി മേൽ പരാമർശിച്ച രേഖകൾ നശിപ്പിക്കാവുന്നതാണ്.

Signed by
Prakash B S
Date: 19-07-2025 13:44:26
PRAKASH.B.S
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാർക്കും & ജില്ലാ കളക്ടർമാർക്കും
എല്ലാ വരണാധികാരികൾക്കും / ഉപവരണാധികാരികൾക്കും
എല്ലാ ജില്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്കും

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സെക്രട്ടറിമാർക്കും

പകർപ്പ് :-

എല്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും

കമ്മീഷണറുടെ പി.എസ്

സെക്രട്ടറിയുടെ സി.എ

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033.
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in